**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 197** **13-12-2022 - ൽ മറുപടിയ്ക്ക്**

**കിഫ്ബി പദ്ധതികളിലൂടെ കാർഷിക മേഖലയുടെ പുനരുജ്ജീവനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ. സി.സി. മുകുന്ദൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കിഫ്ബി വഴി കാർഷിക മേഖലയുടെ പുനരുജ്ജീവനത്തിന് കൂടുതൽ പദ്ധതികൾ നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കാർഷിക മേഖലയിൽ മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണത്തിന് ഊന്നൽ നൽകുന്ന സമീപനമാണ് കിഫ്ബി സ്വീകരിച്ചിട്ടുള്ളത്. ചെറുകിട-ഇടത്തരം അഗ്രോപാർക്കുകളുടെ ശൃംഖല കിഫ്ബി മുഖേന സ്ഥാപിക്കുന്നതിന് 2016-17 ബജറ്റിൽ പ്രഖ്യാപിച്ചിരുന്നു. 2021-22 സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റ് പ്രസംഗം വഴി അധികമായി 5 അഗ്രോ പാർക്കുകൾ കൂടി പ്രഖ്യാപിച്ചു. ഇവ കർഷകരുടെയും, കിഫ്ബിയുടെയും സംയുക്ത സംരംഭമായാണ് വിഭാവനം ചെയ്തിട്ടുള്ളത്. |
| (ബി) | കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെ സംസ്ഥാനത്ത് അഗ്രോ പാർക്കുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (ബി) | അഗ്രോ പാർക്കുകൾ തുടക്കം കുറിക്കുന്നതിന്റെ ഭാഗമായി പ്രത്യേക നിക്ഷേപ നിധിയിൽ നിന്നും 500 കോടി രൂപ നീക്കി വച്ചിട്ടുള്ളതു കൂടാതെ, കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെ സംസ്ഥാനത്ത് 5 അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിന് 2021-22 വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. 2022-23 വർഷത്തെ ബഡ്ജറ്റിൽ 7 അഗ്രി ടെക് ഫെസിലിറ്റി സെന്ററുകൾക്ക് 175 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ 10 മിനി ഫുഡ് പാർക്കുകൾക്കായി 100 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. |
| (സി) | കാർഷികമേഖലയിൽ യന്ത്രവൽക്കരണത്തിനും നൂതന സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്നതിനും കിഫ്ബി വഴി കൂടുതൽ പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (സി) | ഭരണ വകുപ്പിന്റെ ശിപാർശയും ഭരണാനുമതിയും മന്ത്രിസഭയുടെ അംഗീകാരത്തോടെ കിഫ്ബിയിൽ ലഭ്യമായാൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | കാർഷിക ഉല്പന്നങ്ങളുടെ വിപണന സൗകര്യം, മൂല്യ വർദ്ധിത ഉല്പന്നങ്ങളുടെ നിർമാണവും വിപണനവും | (ഡി) | അഗ്രോ പാർക്കുകൾ തുടക്കം കുറിക്കുന്നതിന്റെ ഭാഗമായി പ്രത്യേക നിക്ഷേപ നിധിയിൽ |

| | | | |
|---|---|---|---|
| | പ്രോത്സാഹിപ്പിക്കൽ എന്നിവയ്ക്ക് കിഫ്ബി വഴി പദ്ധതികൾ നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | | നിന്നും 500 കോടി രൂപ നീക്കി വച്ചിട്ടുള്ളതു കൂടാതെ, കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെ സംസ്ഥാനത്ത് 5 അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിന് 2021-22 വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. 2022-23 വർഷത്തെ ബഡ്ജറ്റിൽ 7 അഗ്രി ടെക് ഫെസിലിറ്റി സെന്ററുകൾക്ക് 175 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ 10 മിനി ഫുഡ് പാർക്കുകൾക്കായി 100 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## വിശദീകരണ കുറിപ്പ്

കാർഷിക മൂല്യവർദ്ധിത വ്യവസായങ്ങൾ കൃഷിക്കാരുടെയും പ്രൊഡ്യൂസർ കമ്പനികളുടെയും ആഭിമുഖ്യത്തിൽ സ്ഥാപിക്കുന്നതിനുള്ള പ്രായോഗിക നടപടിക്രമങ്ങളുടെ ഭാഗമായി ജില്ലാ കാർഷിക ഫാമുകളുടെ സ്ഥലം ഉപയോഗപ്പെടുത്തി മൂല്യവർദ്ധിത കാർഷികോൽപ്പന്നങ്ങൾക്ക് വേണ്ടിയുള്ള സംരംഭത്തിന് അഗ്രോ പാർക്കുകൾ സ്ഥാപിക്കുവാൻ സർക്കാർ തീരുമാനം എടുത്തിട്ടുണ്ട് .

ചെറുകിട-ഇടത്തരം അഗ്രോപാർക്കുകളുടെ ശൃംഖല സ്ഥാപിക്കുന്നതിന് കിഫ്ബി മുഖേന 2016-17- ബജറ്റ് പ്രസംഗത്തിലൂടെ പ്രഖ്യാപനം ഉണ്ടായി .

ഇതിനായി അക്കാലയളവിൽ 500 കോടി രൂപ നീക്കി വയ്ക്കപ്പെട്ടു.

2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പഴവർഗങ്ങളിൽ നിന്നും വൈൻ ഉൽപ്പാദിപ്പിക്കുവാൻ വേണ്ടിയുള്ള സംരംഭവും പ്രഖ്യാപിക്കപ്പെട്ടു.

ഒന്നാം ഘട്ടമായി 5 അഗ്രോ പാർക്കുകൾ ആണ് ലക്ഷ്യമിട്ടിരിക്കുന്നത് . ബനാന ആന്റ് ഹണി പാർക്ക് പാർക്ക്, കോഴിക്കോട് വേങ്ങേരി, കൂത്താളി എന്നിവിടങ്ങളിൽ കോക്കനട്ട് അഗ്രോ പാർക്കുകൾ, പാലക്കാട് മുതലമടയിൽ മാംഗോ പാർക്ക്, ഇടുക്കിയിൽ വെജിറ്റബിൾ അഗ്രോ പാർക്ക് എന്നിവയാണിത്.

ഇതിന്റെ ഭാഗമായി തൃശ്ശൂർ ബനാന ആന്റ് ഹണി പാർക്ക്, കോഴിക്കോട് വേങ്ങേരി കോക്കനട്ട് അഗ്രോ പാർക്ക്, കോഴിക്കോട് കൂത്താളി കോക്കനട്ട് അഗ്രോ പാർക്ക് എന്നിവയ്ക്കു വേണ്ടിയുള്ള വിശദമായ പദ്ധതി രേഖ ബന്ധപ്പെട്ട എസ്.പി.വി ആയ KAICO, കിഫ്ബിയിൽ ലഭ്യമാക്കിയതിനെ തുടർന്ന് ആകെ 21.43 കോടി രൂപയുടെ ധനാനുമതി നൽകിയിട്ടുള്ളതുമാണ്.

ഇവയിൽ ബനാന ആന്റ് ഹണി പാർക്ക് കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തികരിച്ചു വരുന്നു. ഹണി പാർക്കിനായുള്ള ഉപകരണങ്ങളുടെ സംഭരണം, ഇൻസ്റ്റാലേഷൻ എന്നിവ പൂർത്തിയായിട്ടുള്ളതായി SPV അറിയിച്ചിട്ടുണ്ട് . ബാക്കിയുള്ളവ ടെൻഡറിങ് ഘട്ടങ്ങളിൽ ആണ്

.

കോക്കനട്ട് അഗ്രോ പാർക്കുകൾ, മാംഗോ അഗ്രോ പാർക്ക് എന്നിവയുടെ വിശദ പദ്ധതി റിപ്പോർട്ടുകൾ KAICO, INKEL എന്നിവർ മുഖേന KIIFB- യിൽ ലഭിച്ചിട്ടുണ്ട്. ഇവയുടെ പരിശോധന നടന്നു വരുന്നു .

വെജിറ്റബിൾ ആഗ്രോ പാർക്കിന്റെ DPR ഇനിയും ലഭിക്കേണ്ടതായുണ്ട്.

അഗ്രോ പാർക്കുകളുടെ നടത്തിപ്പിനായി ഒരു പ്രത്യേക ഏജൻസിയെ ചുമതലപ്പെടുത്താത്തതിനാലും നിർമ്മാണം പൂർത്തിയായി വരുന്ന Banana & Honey പാർക്കിനായി ഒരു ബിസിനസ്സ് പ്ലാൻ അടിയന്തരമായി നടപ്പിലാക്കുന്നതിലേക്കുമായി കൃഷി വകുപ്പ് സെക്രട്ടറി ചെയർമാനും കൃഷി ഡയറക്ടർ കൺവീനർ ആയും മറ്റു വിദഗ്ധരെയും ഉൾപ്പെടുത്തി ഒരു expert committee രൂപീകരിച്ച് പ്രവർത്തനം നടന്നു വരുന്നുവെന്നും ഭരണ വകുപ്പിൽ നിന്നും വിവരം ലഭിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**